(ബി) ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ (പി.ഡി.എം.സെൽ), അസിസ്റ്റന്റ് ഡയറക്ടർ (ഐ.സി.ഡി.എസ്. സെൽ) പ്രോജക്ട് മാനേജർ (ഡബ്ല്യു.എഫ്.പി.) പ്രോഗ്രാം ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ വാഹനം ഉപയോഗിക്കുന്നു.

(സി) ഉപയോഗിക്കാറുണ്ട്. രണ്ട് വാഹനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽനിന്നും ഓരോ വാഹനം ഈ വകുപ്പിന്റെ മറ്റ് ഓഫീസുകളുടെ (വാഹനം അനുവദിക്കാത്ത) പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഉപയോഗിക്കുന്നു.

(ഡി) ലോഗ് ബുക്കിൽ പ്രസ്തുത വാഹനം ഉപയോഗിക്കുന്ന ഓഫീസർ സന്ദർശിക്കുന്ന ഓഫീസ്, യാത്രയുടെ വിശദവിവരം എന്നിവ രേഖപ്പെടുത്തുകയും, ഇതിന്റെ ഇന്ധനച്ചെലവ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ വകകൊള്ളിക്കുകയും ചെയ്യുന്നു.

(ഇ) റാന്നി, മഞ്ചേശ്വരം, കഴക്കൂട്ടം, ചടയമംഗലം എന്നീ പ്രോജക്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ ഓരോന്നുവീതം ഡയറക്ടറേറ്റിൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഡയറക്ടറേറ്റിലെ ആവശ്യം തീരുന്ന മുറയ്ക്ക് വാഹനം തിരികെ നൽകിവരുകയും ചെയ്യുന്നുണ്ട്. എന്നാൽ അതായത് കീഴ്കാര്യാലയങ്ങളിലെ ആവശ്യങ്ങൾക്കു മാത്രമേ അറിടെ അനുവദിച്ചിട്ടുള്ള വാഹനം ഉപയോഗിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകുന്ന കാര്യം പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം പരിഗണിക്കുവാൻ നിർവാഹമില്ല.

69 (625) 'ഐ.സി.ഡി.എസ്. സൂപ്പർവൈസർ'

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി അംഗൻവാടി അദ്ധ്യാപികമാരെ നേരിട്ട് നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആകെയുള്ള തസ്തികയിൽ എത്ര ശതമാനം നിയമനങ്ങൾ ഈ രീതിയിൽ നടത്തുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നിയമനം നടത്തുന്നതിന് എന്തു മാനദണ്ഡമാണ് സർക്കാർ സ്വീകരിക്കുന്നത്?

ഉത്തരം

(എ)&(ബി)ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരുടെ നിയമനത്തിൽ അംഗൻവാടി വർക്കർമാർക്ക് 25% സംവരണം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പ്രത്യേക ചട്ടങ്ങൾപ്രകാരം ആകെ ഒഴിവു വരുന്ന തസ്തികകളിൽ 2:1:1 അനുപാതം അനുസരിച്ച് അംഗൻവാടി വർക്കർമാർക്ക് 25% നേരിട്ടുള്ള നിയമനമാണ് നൽകുന്നത്. അംഗൻവാടി വർക്കർമാരെ സൂപ്പർവൈസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നത് പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയാണ്. എസ്.എസ്.എൽ.സി. യും അംഗൻവാടി വർക്കറായി 10 വർഷം സർവീസും ഉള്ളവർക്കാണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുവാൻ അർഹത.

LIBRARY ARCHIVES Kerala Legislative Assembly